## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1474** **06-03-2020 -ലെ മറുപടിയ്ക്ക്**

**മരടിൽ തീരദേശപരിപാലന നിയമം ലംഘിച്ചതിനെതിരെ നിയമ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.ജെ. വിനോദ്:** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് ഫ്ളാറ്റുകൾ നിർമ്മിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) ഇതു സംബന്ധിച്ച് ക്രൈംബ്രാഞ്ച് 3 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. നിലവിൽ ഈ കേസുകൾ അന്വേഷണാവസ്ഥയിലുമാണ്. |
| (ബി) മരട് പഞ്ചായത്ത് ആയിരിക്കെ ഏത് രാഷ്ട്രീയകക്ഷിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതെന്ന് അറിയിക്കാമോ; | (ബി) കെട്ടിട നിർമ്മാണ ചട്ട പ്രകാരം ഭരണ സമിതിയുടെ അനുവാദം കെട്ടിട നിർമ്മാണാനുമതിയ്ക്ക് ആവശ്യമില്ല. |
| (സി) അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിനെ പ്രതിചേർക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച നിയമോപദേശം എന്താണ്; | (സി) ഉണ്ട്. നിയമോപദേശം ലഭിച്ചിട്ടില്ല. |
| (ഡി) ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതിക്കെതിരെ നിയമനടപടി സ്വീകരിക്കാതെ അവരെ രക്ഷിക്കുവാൻ ശ്രമിക്കുന്നത് രാഷ്ട്രീയ പരിഗണനയുടെ പേരിലാണ് എന്ന ആക്ഷേപം ശരിയാണോ; വിശദമാക്കാമോ? | (ഡി) ഇതു സംബന്ധിച്ച് ക്രൈംബ്രാഞ്ചിൽ 3 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ